റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം

237 (7208) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരണത്തിന് ആരെയാണ് ചുമതല പെടുത്തിയിരിക്കുന്നത് ;

(ബി) ഒരു റേഷൻകട കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എന്ത് തുകയാണ് ചെലവുവരുന്നത് ; ഇത് ഏത് ഫണ്ടിൽനിന്നാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-5-2014 ലെ സ.ഉ(കൈ)നമ്പർ 18/14/ഭ.പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിതരണ സമ്പ്രദായത്തിന്റെ ആദ്യന്ത കമ്പ്യൂട്ടർവൽക്കരണത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഓപ്പൺ ടെണ്ടർ മുഖേന System Integrator- നെ നിയമിക്കുന്നതിനും Detailed Project Report (DPR)-ൽ പരാമർശിക്കുന്ന വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നതിന് EoI (Expression of Interest) മുഖാന്തിരമോ RFP (Request for Proposal) മുഖാന്തിരമോ സുതാര്യമായ ടെണ്ടർ പ്രക്രിയകളിലൂടെ സർവ്വീസ് പ്രൊവൈഡറിനെയോ കമ്പനികളെയോ തെരഞ്ഞെടുക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ടി പദ്ധതിയുടെ ഭാഗമായി, റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ ഡോർ ടു ഡോർ ഡെലിവറി മുഖാന്തിരം എത്തിക്കുന്നതിന്റെ നടത്തിപ്പും മേൽനോട്ടവും സപ്ലൈകോയെ ഏൽപ്പിക്കുന്നതിനും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) DPR പ്രകാരം ഒരു റേഷൻകട കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനുമായി ഏകദേശം 70,000-രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. കമ്പ്യൂട്ടർവൽക്കരണത്തിന് വേണ്ടി End to End Computerisation പദ്ധതിയിൽ നടപ്പുസാമ്പത്തിക വർഷം "3456-00-001-86" ശീർഷകത്തിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കൽപ്പറ്റ മണ്ഡലത്തിലെ മുണ്ടേരിയിൽ പുതിയ റേഷൻകട

238 (7209) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മുണ്ടേരിയിൽ പുതിയ റേഷൻകട ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly